| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനഞ്ചാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 316 | | 30/11/2015 ൽ മറുപടിക്ക് | |
| ബാർകോഴ കേസ് | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർകോഴ കേസിൽ ഹൈക്കോടതിയിൽ കേസ് വാദിച്ച അഡ്വക്കേറ്റ് കപിൽ സിബലിനുള്ള ഫീസ് എത്രയാണ് ; അത് നൽകുന്നത് ആരാണ്; | എ) | ബാർ കോഴ കേസുമായി ബന്ധപ്പെട്ട കേസുകളിൽ ഹാജരായതുമായി ബന്ധപ്പെട്ട് ശ്രീ.കപിൽ സിബലിന് നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല. |
| (ബി) | കോഴ വാങ്ങിയ ആളിൽ നിന്നും ഫീസ് തുക ഈടാക്കാൻ സാധ്യമാണോ; നിയമവശങ്ങൾ വെളിപ്പെടുത്താമോ ; | (ബി) | കുറ്റാരോപിതനെതിരെയുള്ള കേസിന്റെ പുനഃരന്വേഷണം തടസ്സപ്പെടുത്താതെ വിജിലൻസ് ഡയറക്ടറുടെ അധികാരം നിലനിർത്താൻ ആവശ്യപ്പെട്ടതായ റിട്ട് ഹർജിയിൽ സർക്കാർ ഭാഗം ഹാജരായ അഭിഭാഷകന്റെ ഫീസ് കുറ്റാരോപിതനിൽ നിന്നും ഈടാക്കാൻ വ്യവസ്ഥയില്ല. കൂടാതെ പ്രതിക്കെതിരായിട്ടുള്ള ഈ കേസ് ഇപ്പോഴും അന്വേഷണാവസ്ഥയിലാണ്. |
| (സി) | കോഴ തുക പിടിച്ചെടുക്കാൻ ശ്രമം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പിടിച്ചെടുത്ത തുക എത്ര; ഏത് നിലയിലുള്ള നടപടികളിലൂടെയാണ് കോഴ തുക പിടിച്ചെടുക്കാൻ ശ്രമിച്ചതെന്ന് വിശദമാക്കാമോ ? | (സി) | കേസ് അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ